# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി

## ഇ-ദർഘാസ് പരസ്യം

നമ്പർ. നമ്പർ. എൻജി/15507/എസ്.എസ്.യു.എസ്/2017 തീയതി 05.05.2018.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല രജിസ്ട്രാർ, കേന്ദ്ര/കേരള പൊതുമരാമത്തു വകുപ്പിൽ/എം.ഇ.എസ്സിൽ രജിസ്റ്റർ ചെയ്തവരും താഴെ സൂചിപ്പിച്ച വിഭാഗത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് പരിചയസമ്പന്നരും സാമ്പത്തികശേഷിയുള്ളവരുമായ 'സി' ക്ലാസ്സോ/ അതിന് മുകളിലോ ഉള്ള കരാറുകാർ/സ്ഥാപനങ്ങളിൽ നിന്നും താഴെ പറയുന്ന പ്രവൃത്തിയ്ക്ക് ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര് | : | അഡ്മിനിസട്രേറ്റീവ് ബ്ലോക്ക്, അക്കാദമിക് ബ്ലോക്ക് I & II, പഴയ മ്യൂസിക് ബ്ലോക്ക്, കനകധാര ഓഡിറ്റോറിയം എന്നിവിടങ്ങളിലെ ടോയ്‌ലറ്റുകളുടെ നവീകരണം. |
| അടങ്കൽ തുക | : | 19,30,000/- (പത്തൊമ്പത് ലക്ഷത്തി മുപ്പതിനായിരം രൂപ) |
| പ്രവൃത്തി തീർക്കേണ്ട കാലാവധി | : | 3 മാസം |
| നിരതദ്രവ്യം | : | 48,250/- (നാൽപ്പത്തെണ്ണായിരത്തി ഇരുന്നൂറ്റിയമ്പത് രൂപ) |
| ദർഘാസ് പ്രമാണവില | : | 2,800/- രൂപ |
| ദർഘാസ് പ്രമാണങ്ങൾ ഡൗൺലോഡ് ചെയ്യാവുന്ന തീയതി | : | 11.05.2018 രാവിലെ 9 മണി മുതൽ |
| ദർഘാസ് പ്രമാണങ്ങൾ ഓൺലൈനായി സമർപ്പിക്കാവുന്ന തീയതി | : | 11.05.2018 രാവിലെ 11 മണി മുതൽ |
| അവശ്യരേഖകൾ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ട അവസാനതീയതി | : | 28.05.2018 വൈകീട്ട് 3 മണി |
| | : | |
| ദർഘാസുകൾ തുറക്കുന്ന തീയതി | : | 28.05.2018 വൈകീട്ട് 3 മണി |

ദർഘാസ് തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ സർക്കാർ പൊതുഅവധി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം ദർഘാസുകൾ തുറക്കുന്നതായിരിക്കും. ദർഘാസിനോടൊപ്പം 200/- രൂപയുടെ മുദ്രക്കടലാസിൽ എഴുതിയൊപ്പിട്ട പ്രാഥമിക ഉടമ്പടിയും ഉണ്ടായിരിക്കേണ്ടതാണ്.

തിരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ പ്രവൃത്തിയ്ക്കാവശ്യമായ ഉടമ്പടി ഒപ്പ് വയ്ക്കുമ്പോൾ ഉടമ്പടിതുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി സമർപ്പിക്കേണ്ടതാണ്. ഈ തുകയുടെ 50% ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റായിരിക്കണം. 19.08.1997ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ(പി)84/97/പി.ഡബ്ല്യു.ഡി.ആൻഡ് ടി-ഇൽ പറയുന്ന എല്ലാ നിബന്ധനകളും ദർഘാസ് പരിഗണിക്കുന്നതിനുള്ള മറ്റ് അനുബന്ധ നിയമങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും. യാതൊരു കാരണവും കാണിക്കാതെ ദർഘാസുകൾ നിരസിക്കുന്നതിനുള്ള അവകാശവും താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
രജിസ്ട്രാർ